പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3210

21/12/2012 - ൽ മറുപടിയ്ക്ക്

തൊഴിലുറപ്പ് പദ്ധതി വേതനം വർദ്ധിപ്പിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ നിലവിലെ പ്രതിദിനവേതനം 164/- രൂപയാണ്. ഇക്കാര്യത്തിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. വേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) ജോലി സ്ഥലത്തുവച്ച് മരണമടയുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിഗണനയിലില്ല |
| (സി) തൊഴിലാളികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | പരിഗണനയിലില്ല |
| (ഡി) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻവർഷം കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ചെയ്ത കുടുംബങ്ങൾക്ക് രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പ്രകാരം ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ